ഉത്തരം

(എ) കുന്തിപ്പുഴയിൽ സൈലന്റ് വാലി നാഷണൽ പാർക്കിന് വെളിയിലായി പാത്രക്കടവ് ജലവൈദ്യുത പദ്ധതി (70 മെഗാ വാട്ട്) സ്ഥാപിക്കുവാൻ ആലോചനയുണ്ട്.

(ബി) പാത്രക്കടവ് ജലവൈദ്യുത പദ്ധതി ഒരു Run of the river scheme ആയാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഇതിന്റെ സംഭരണശേഷി 0.872 Mm^3 ഉം, മുടങ്ങിപ്പോകുന്ന പ്രദേശം 4.1 ഹെക്ടറും ആണ്. 275 മീറ്റർ നീളവും 60 മീറ്റർ പൊക്കവും ഉള്ള ഡാം, 1640 മീറ്റർ നീളമുള്ള tണൽ, 900 മീറ്റർ നീളമുള്ള പെൻ സ്റ്റോക്ക്, 70 മെഗാ വാട്ട് ശേഷിയുള്ള ഒരു പവ്വർ ഹൗസ് എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. പ്രസ്തുത പദ്ധതിക്ക് 40.9 ഹെക്ടർ സ്ഥലം ആവശ്യമാണ്. ഇതിൽ 22.16 ഹെക്ടർ വനഭൂമിയും, 4.72 ഹെക്ടർ സ്വകാര്യ ഭൂമിയും ബാക്കി കെ. എസ്. ഇ., ബി.-യുടെ കൈവശം ഉള്ള ഭൂമിയും ആണ്.

രാജീവ് ഗാന്ധി കംബൈൽഡ് സൈക്കിൾ പവ്വർ പ്രോജക്ട്

47 [347] ശ്രീ. വി. ജെ. പൗലോസ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി കംബൈൽഡ് സൈക്കിൾ പവ്വർ പ്രോജക്ടിന്റെ പണി ആരംഭിച്ചുവോ:

(ബി) ഈ പ്രോജക്ട് പൂർത്തിയാകുമ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയും;

(സി) ഈ പ്രോജക്ട് എന്ന് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 16-2-2005-ൽ പ്രോജക്ടിന് പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ് തറക്കല്ലിട്ടു.

(ബി) 1950 മെഗാ വാട്ട് അധികമായി ഉല്പാദിപ്പിക്കാൻ കഴിയും.

(സി) 2010-12 വർഷത്തിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വൈദ്യുതി ബോർഡിൽനിന്നും സമാശ്വാസ പദ്ധതി

48 [348] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാർ വൈദ്യുതി ബോർഡിൽനിന്നും എന്തെല്ലാം സമാശ്വാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്:

(ബി) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly